**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** | **29-01-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ ലൈഫ് ഭവന പദ്ധതിയിൽ വീടും സ്ഥലവും ഇല്ലാത്ത എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും നിലവിൽ എല്ലാ അപേക്ഷകർക്കും വീട് ലഭ്യമാക്കാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ ലൈഫ് ഭവന പദ്ധതിയിൽ ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയിട്ടുള്ള 50,999 ഭൂമിയുള്ള ഭവനരഹിതരും 13,763 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 26,132 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ നിലവിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | 22.01.2024 വരെ 45,400 കുടുംബങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി കരാർ വച്ചിട്ടുണ്ട്. ഇതിൽ 26,132 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ